"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനകാര്യം - പാലക്കാട് ജില്ല- ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലാർക്ക് - ശ്രീമതി. ഗായത്രിദേവി പി -യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1100/2026/LSGD തീയതി,തിരുവനന്തപുരം, 06-06-2026

---

പരാമർശം:-

1. 23.04.2020ലെ സ ഉ (കൈ)നം.81/2020/പൊഭവ
2. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.08.2020ലെ E4-954/2019 നമ്പർ നടപടിക്രമങ്ങൾ
3. പഞ്ചായത്ത് ഡയറക്ടറുടെ 09.06.2022ലെ PAN/505/2020-E14(DP) നമ്പർ നടപടിക്രമങ്ങൾ
4. തദ്ദേശസ്വയംഭരണവകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 11.11.2025ലെ LSGD/JD/PKD/6555/2024-A4 നമ്പർ നടപടിക്രമങ്ങൾ
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.05.2026ലെ -LSGD/PD/20453/2025-DEC4 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി. ഗായത്രിദേവി പി -യുടെ പ്രൊബേഷൻ കാലം 11.11.2022 മുതൽ 06.10.2023 വരെ ദീർഘിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആഭ്യന്തര വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സൂപ്പർന്യൂമറിയായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. ഗായത്രിദേവി പി- യെ പരാമർശം (1) പ്രകാരം പഞ്ചായത്ത് വകുപ്പിലേക്ക്

പുനർവിന്യസിച്ചതിനെ തുടർന്ന് പരാമർശം (2) പ്രകാരം പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൽ നിയമിക്കുകയും ടിയാൾ 26/08/2020 -ന് സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ് . ശ്രീമതി. ഗായത്രിദേവി പി -യുടെ സേവനം വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഒഴിവ് നിലവിൽ വന്ന 01/11/2019 തീയതി പ്രാബല്യത്തിൽ പരാമർശം (3) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാളുടെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ് തല അച്ചടക്ക നടപടികളോ ഇല്ലായെന്നും സേവനം തൃപ്തികരമാണെന്നും ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൾ നിരീക്ഷണകാല ത്തെബാധിക്കുന്ന 10 അവധികൾ എടുത്തിട്ടുണ്ട്. ശ്രീമതി. ഗായത്രിദേവി പി -യുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് ടിയാൾ യഥാസമയം വിജയിക്കാത്തതിനാൽ പരാമർശം (4) പ്രകാരം ടിയാളുടെ നിരീക്ഷണകാലയളവ് 11/11/2021 മുതൽ 10/11/2022 വരെ ഒരു വർഷം ദീർഘിപ്പിച്ചിട്ടുണ്ട്. ടിയാൾ , PF , SLI, GIS എന്നിവയിൽ അംഗത്വമെടുക്കുകയും 04/10/2023 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (6)പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 04.10.2023 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിച്ച പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി. ഗായത്രിദേവി പി -യുടെ പ്രൊബേഷൻ കാലയളവ് 05.10.2023 തീയതിയിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ നിരീക്ഷണകാലം KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 11.11.2022 മുതൽ 06.10.2023 വരെ ദീർഘിപ്പിച്ച് ഉത്തരവാകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , പാലക്കാട്

(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി,ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീമതി. ഗായത്രിദേവി പി , ക്ലർക്ക് , ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ഡയറക്ടർ . ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8. കരുതൽ ഫയൽ (ഫയൽ നം.80/ഇപിഎ1/2026-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 06-06-2026 15:56:22

സെക്ഷൻ ഓഫീസർ